ഖുത്ബ
8.10.2004
ബയ്ത്തുർറഹ്മാൻ,
ഗ്ലാസ്ഗോ, സ്കോട്ട്ലാന്റ്.

بسم الله الرحمن الرحيم

# അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കൽ അഹ്മദികളുടെ നിർബന്ധകടമയാണ്.

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ

ഈ വചനത്തിന്റെ അർത്ഥമിങ്ങനെയാണ്. "തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു."(16:126)

ഞാൻ ഏതു വിഷയത്തെക്കുറിച്ചാണ് പറയാൻ പോകുന്നതെന്ന് ഈ വചനത്തിൽനിന്ന് നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. കുറച്ചുമാസം മുമ്പേ ഈ വിഷയത്തെക്കുറിച്ച് അതായത് ദഅ്വത്തെ ഇലല്ലായെക്കുറിച്ച്, അല്ലാഹുവിലേക്കുള്ള ക്ഷണം എന്ന വിഷയത്തെക്കുറിച്ച് ഞാൻ വിശദീകരിച്ചു പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ വീണ്ടും പറയുന്നതുകൊണ്ട് ഒന്നുംവരാനില്ല. കാരണം ഇതൊരു അഹ്മദിയുടെ അടിസ്ഥാനപരമായ പ്രവൃത്തിയാണ്. ഇതിനെക്കുറിച്ച് എത്രമാത്രം ഉപദേശിച്ചാലും അതു കുറവായിരിക്കും. ഈ രാജ്യത്തെ ഈ സ്ഥലത്ത് ജമാഅത്തംഗങ്ങൾ വളരെ ക്കുറവാണ്. അതുകൊണ്ട് ലണ്ടനിൽനിന്ന് പുറപ്പെടുമ്പോൾതന്നെ ഈ കാര്യത്തെ സംബന്ധിച്ച് ജമാഅത്തിനോട് പറയണമെന്ന് എന്റെ മനസ്സിലുണ്ടായിരുന്നു.

ഇവിടെ തദ്ദേശവാസികളും വന്നുകൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞകാല കണക്കുവെച്ചു നോക്കുമ്പോൾ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ഇത് ഇരട്ടിയിലധികമായിട്ടുണ്ട്. ഇക്കൂട്ടരും നിങ്ങളെല്ലാവരും ശരിയായ നിലയിൽ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയാണെങ്കിൽ, ഭൗതികമായി സമ്പാദിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും കരസ്ഥമാക്കുന്നവരായിത്തീരും. ദഅ്വത്തെ ഇലല്ലായുടെ പ്രവർത്തനം ഉണ്ടാകേണ്ടയത്ര വിധത്തിൽ ബ്രിട്ടനിൽ എന്നല്ല പാശ്ചാത്യൻ രാഷ്ട്രങ്ങളിൽ ഒന്നും ഉണ്ടാകുന്നില്ല. സന്ദേശമെത്തിക്കേണ്ട രീതിയിൽ എത്തിക്കുന്നുമില്ല. എന്തായാലും സ്കോട്ട്ലാന്റുകാരോട് ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാൻ പറയണമെന്ന് എനിക്കു തോന്നി. ഇവിടെ താമസിക്കുന്ന ആളുകളോടു ഈ രംഗത്ത് മുന്നോട്ടു വരാൻ പറയേണ്ടതാണെന്ന് എനിക്കു തോന്നി. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) 'ഫ്രൈഡെ ദ ടെൻത്' എന്ന വിഷയത്തെ സംബന്ധിച്ച ആദ്യത്തെ ഖുത്ബ നിർവഹിച്ചത് ഇവിടെവെച്ചാണെന്ന് യാത്രാമധ്യേ അമീർ സാഹിബ് എന്നോടു പറഞ്ഞു; ഇതിന്റെ ഉദ്ഘാടനത്തിനുവേണ്ടി ഇവിടെ വന്നപ്പോൾ. ആ ഖുത്ബയിൽ അപ്പോൾ എന്താണ് അവിടന്ന് ഈ ജമാഅത്തിനെ ഉപദേശിച്ചിരുന്നതെന്ന് നോക്കണമെന്ന് എനിക്കുതോന്നി; ഇന്നേക്ക് 19 വർഷം മുമ്പേ. 1985 മെയ് 10 നാണ് അവിടന്ന് ഈ ഖുത്ബ ഓതിയത്. ഞാൻ അത് വായിച്ചു. അതിൽ അധികമധികമായി അവിടന്ന് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എടുത്തു പറഞ്ഞു. വിവിധ അവസ്ഥകൾ തരണം ചെയ്ത് പ്രതീക്ഷയിലും അപ്രതീക്ഷയിലും കൂടികടന്ന് എങ്ങനെ ഈ മിഷൻഹൗസ് വാങ്ങിച്ചുവെന്നും അതിൽ വിശദീകരിച്ചിട്ടുണ്ട്. സൂറഫാത്തിഹാ ഉദ്ധരിച്ച് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു. നമ്മൾ ഒരു വിത്ത് കുഴിച്ചിട്ടിരിക്കുകയാണ്. ഇത് വളരേണ്ടതുണ്ട്. പുഷ്പിക്കേണ്ടതുണ്ട്. ഇൻശാഅല്ലാഹ്. ഈ ഉദ്ഘാടനത്തോടെ നാം ഒരു അടിത്തറയിടുകയാണ്. ജനങ്ങൾ ചേക്കേറുന്ന ആ മഹാമന്ദിരം നാം ഈ കല്ലിന്മേൽ പടുത്തുയർത്തേണ്ടതാണ്. അവസാനം നാം അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കുമെന്നും മരിക്കുമെന്നും ദീനുൽ ഇസ്ലാമിന്റെ സന്ദേശം ലോകം മുഴുവനും എത്തിക്കുമെന്നും ഇന്ന് ഈ ജുമുഅയിൽ പ്രതിജ്ഞ ചെയ്യാൻ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറഞ്ഞു. ഇതു ദുആ മുഖേന യും അവരവരുടെമേൽ ആവേശത്തിന്റെ ഒരു ഉന്മാദാവസ്ഥ ഉണ്ടാക്കുന്നതിലൂടെയും മാത്രമെ നിവർത്തിയാകുകയുള്ളൂവെന്നും അവിടന്ന് പറഞ്ഞു.

പിന്നീട് സ്കോട്ട്ലാന്റ് ജമാഅത്തിനോട് അവിടന്ന് പറഞ്ഞു: 'നിങ്ങളെല്ലാവരും നിങ്ങളെ ഇസ്ലാമിക പ്രചാരണത്തിനായി വഖ്ഫ് ചെയ്യേണ്ടതാണ്. ഇതിലേക്ക് നിങ്ങൾ നിങ്ങളെ ബലിയർപ്പിക്കേണ്ടതാണ്. അല്ലാഹുവിനും അവന്റെ ദീനിനും വേണ്ടി സ്കോട്ട്ലാന്റിനെ വിജയിപ്പിച്ചേ അടങ്ങൂ എന്ന ദൃഢനിശ്ചയത്തോടുകൂടി നിങ്ങളിവിടെനിന്നും എഴുന്നേല്ക്കേണ്ടതാണ്.'

ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്) ഇവിടെ വന്ന് ചെയ്ത ഈ ഖുത്ബ കണ്ടിട്ട് ഇവിടെ വന്ന് ഈ വിഷയത്തെക്കുറിച്ച് സംസാരിക്കണമെന്ന്, വരുന്നതിനുമുമ്പേ ഞാൻ വിചാരിച്ചു. എനിക്കിതിൽനിന്ന്

കൂടുതൽ കരുത്തുകിട്ടി. നാം ഈ രാജ്യത്തിന്റെ ഈ ഭാഗത്ത് ദഅ്വത്തെ ഇലല്ലായുടെ പ്രവർത്തനം ഊർജിതമാക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. ദുആ ചെയ്യുകയും പരിശ്രമിക്കുകയും പ്രവർത്തനത്തിൽ ഒരു ഉന്മാദാവസ്ഥ ഉണ്ടാക്കുകയും ചെയ്താൽ ഇൻശാഅല്ലാഹ് അല്ലാഹു അനുഗ്രഹം ചൊരിയുന്നതാണ്. ഇതുവരെ ഇവിടത്തെ തദ്ദേശവാസികളായ അഹ്മദികൾ പന്ത്രണ്ടുപേർ മാത്രമാണ്. 2004 മാർച്ചിലാണ് ഇവിടെ അവസാനമായി ബൈഅത്ത് നടന്നത്. ഒരു സ്ത്രീ തന്റെ 3 പെൺകുട്ടികളോടൊപ്പം ജമാഅത്തിൽ ചേർന്നു. അതിനുമുമ്പ് വെറും എട്ട് തദ്ദേശവാസികളെ ഉണ്ടായിരുന്നുള്ളൂ. വിവിധ സ്ഥലങ്ങളിൽ പോകുകയും ഇവരുടെ മാന്യത കാണുകയും ചെയ്തതിൽനിന്ന് ശരിയായ നിലയിൽ സന്ദേശം എത്തിക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് ഇവിടെ അഹ്മദിയ്യത്ത് കൂടുതൽ പരക്കാൻ ഇടയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 1985നെ അപേക്ഷിച്ച് ഇപ്പോഴത്തെ നിങ്ങളുടെ അംഗസംഖ്യയും വളരെ അധികമാണ്. നിങ്ങൾ പരിശ്രമിക്കുകയാണെങ്കിൽ അല്ലാഹു ഉത്തമമായ ഫലം കാണിക്കാതിരിക്കാൻ ഒരു കാരണവും കാണുന്നില്ല. സത്യഹൃദയത്തോടെ ചെയ്യുന്ന പരിശ്രമം അല്ലാഹു ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. യുക്തിപൂർവകമായ രീതിയിലുള്ള പ്രവർത്തനം മാത്രം നിങ്ങൾ സ്വീകരിച്ചാൽ മതി. ഈ വചനത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നത് ഇതു തന്നെയാണ്. തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കുക. പുതിയ വഴികൾ സ്വീകരിക്കുക. എങ്കിൽ നിങ്ങൾക്കു വിജയം ലഭിക്കുന്നതാണ്. ഇവിടെ ജനങ്ങൾ പൊതുവെ ശുദ്ധഹൃദയരാണ്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് മതങ്ങളോട് താത്പര്യമുള്ളവരാണ്. ഒരു മതത്തിൽ വിശ്വസിക്കുന്നു എന്ന നിലയിൽ ഇവർ നിങ്ങളെ തിരിച്ചറിയുമ്പോൾ തീർച്ചയായും ചില ചോദ്യങ്ങളും അവരുടെ മനസ്സിലുണ്ടാകും.

ഇക്കാലത്ത് മുല്ലമാരും വിറളി പിടിച്ചവരും ഇസ്ലാമിന്റെ പേരിൽ ലോകത്ത് സ്ഥാപിച്ചിട്ടുള്ള ഭയാനക ചിത്രം, അല്ലെങ്കിൽ അങ്ങനെ ആക്കാനുള്ള അവരുടെ ശ്രമം, അതിന് ഇസ്ലാമുമായിട്ട് വിദൂര ബന്ധംപോലുമില്ല. നിങ്ങൾ വ്യക്തിഗതമായ ബന്ധത്തിലൂടെ പതുക്കെ പതുക്കെ ഈ ഭയാനക ചിത്രത്തെ ഇവരുടെ മനസ്സിൽനിന്ന് അകറ്റുമ്പോൾ, ഇവർ നിങ്ങളോട് അടുത്തുകൊണ്ടിരിക്കുന്നതാണ്. മറ്റുള്ളവരിൽനിന്നും വ്യത്യസ്ഥരാണ് നിങ്ങൾ എന്ന് മനസ്സിലാകും.

ഈ ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി തീരദേശവാസികളായ ഒരുപാട് ആളുകൾ ഇവിടെ വന്നിട്ടുണ്ട്. ഇവിടെയും അതേ നിയമം തന്നെയാണെങ്കിൽ അവർക്ക് ജോലിയെടുക്കുന്നതിന് ഇവിടെ അനുവാദം ഉണ്ടാകുകയില്ല. അതുകൊണ്ട് ഇവിടത്തെ വൃദ്ധരുമായി ബന്ധം സ്ഥാപിക്കുക. അവരുടെ അടുത്തേക്ക് സമ്മാനങ്ങളുമായി പോകുക. അവരുടെ അടുത്തിരിക്കുക. അവരോട് സഹതാപം കാണിക്കുക. ഇവരും പാശ്ചാത്യദേശത്തെ വലിയ പിന്നാക്ക വിഭാഗമാണ്. ഇവരുടെ അടുത്ത ബന്ധുക്കളെയും ഇവരുടെ കുട്ടികളെയും വൃദ്ധരുടെയടുക്കൽ വിട്ടും ഇവർ പോകുന്നു. ഓൾഡ് പീപ്പിൾസ് ഹൗസ് എന്നിവർ അതിന് പറയുന്നു. ചിലരെ സംബന്ധിച്ച് ആഴ്ചകൾ കഴിഞ്ഞാൽപോലും ഒരു ബന്ധുവും അന്വേഷിക്കാറില്ല. ഈ വൃദ്ധരുമായി നിങ്ങൾ ബന്ധം സ്ഥാപിക്കുകയാണെങ്കിൽ അവരോട് സഹതാപം കാണിക്കുന്നതിനോടൊപ്പം - ഭാഷപോലും ശരിക്കറിയാത്ത ഒരുപാടാളുകൾ ഉണ്ട് - അത്തരക്കാരുടെ ഭാഷയും നന്നാക്കിത്തീർക്കുന്നവരായി നിങ്ങൾ മാറുന്നതാണ്. അവരുടെ അടുത്തിരുന്ന് നിങ്ങൾ അറിയാതെ അവരുടെ ഭാഷ നിങ്ങൾ പഠിക്കുകയും ചെയ്യും. നിങ്ങളുടെ സഹതാപവികാരവും സേവനതൃഷ്ണയും കൊണ്ട് അവരുടെ ചില ബന്ധുക്കളും നിങ്ങളുടെ അടുത്തേക്ക് വന്നേക്കാം. ബന്ധം വർധിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണിത്. ഇപ്രകാരം തന്നെ വേറെയും ഒരുപാട് വഴികളുണ്ട്. പരിശ്രമിക്കുകയാണെങ്കിൽ അന്വേഷിച്ച് കണ്ടെത്താൻ കഴിയും. അത് അവസ്ഥകൾക്കനുസരിച്ച് നിങ്ങൾ ചെയ്യേണ്ടതായി വരും. അയൽവാസിയോടുള്ള സൽപെരുമാറ്റം, അവരെ സഹായിക്കൽ, സ്വന്തം ആഘോഷവേളകളിൽ പെരുന്നാൾ തുടങ്ങിയ സന്തോഷദിനങ്ങളിൽ കുറച്ചാളുകൾ ഇങ്ങനെ ചെയ്യാറുമുണ്ട്. എന്നാൽ എല്ലാവരും ഇങ്ങനെ ചെയ്യുന്നില്ല. അവർക്ക് വേണ്ടി സമ്മാനങ്ങളും മറ്റുമായി പോകുക. അവരെ വിളിക്കുക, സൽക്കരിക്കുക. ഒരു മാസത്തിലോ രണ്ടുമാസത്തിലോ ഒരിക്കൽ ഒരു തബ്ലീഗ് ദിനം കൊണ്ടാടുക എന്നത് നമ്മുടെ പൊതുവെയുള്ള പരിപാടിയിൽ ഉള്ളതാണ്. അല്ലെങ്കിൽ വർഷത്തിൽ ഒരിക്കൽ തബ്ലീഗ് വാരം കൊണ്ടാടുന്നു. അതിൽ കുറച്ച് പുസ്തകങ്ങൾ വിതരണം ചെയ്ത് നമ്മുടെ കടമ നിറവേറ്റിയെന്ന് നാം മനസ്സിലാക്കുന്നു. എന്റെ ദൃഷ്ടിയിൽ ഇത് ഒരു പരിധിവരെ ശരിയാണ്. പക്ഷെ ഇതുമാത്രം പ്രതീക്ഷിച്ചിരിക്കുവാൻ പറ്റുകയില്ല. ഏതെങ്കിലും ലഘുലേഖ നിങ്ങൾ അവർക്ക് നല്കി കഴിഞ്ഞാൽ തുടർന്ന് അവരുമായി ബന്ധം നിലനിർത്തേണ്ട ആവശ്യമുണ്ട്. ഇല്ലെങ്കിൽ പൈസ നഷ്ടപ്പെടുത്തുക എന്നത് മാത്രമായിരിക്കും ഫലം. തുടർച്ചയായി ഈ ലഘുലേഖകൾ അവരിൽ എത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, മുല്ലമാർ ഇന്നു വരച്ചുകാണിച്ചിട്ടുള്ള ഇസ്ലാമിന്റെ ചിത്രം ഇല്ലാതാക്കുന്നതിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകളിൽ ശരിയായ അധ്യാപനം ഈ ലഘുലേഖകളിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. ഈ സന്ദേശം എത്തിച്ചുകൊടുക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാദം തുടങ്ങിയ കാര്യങ്ങൾ ഒരു പേജോ രണ്ടു പേജോ ഇവരിലെത്തേണ്ടതാണ്. ഈ സന്ദേശം മുടങ്ങാതെ എത്തിക്കൊണ്ടിരിക്കേണ്ടതാണ്. അവ

സ്ഥകൾക്കനുസരിച്ച് ഹിക്മത്തോടുകൂടി ലഘുലേഖകൾ വിതരണം ചെയ്യണം. അതിപ്പോഴും കൊടുക്കുന്നുണ്ടെന്നും ചില സ്ഥലങ്ങളിൽ ഞാൻ പറഞ്ഞതുപോലെ അതിനായി പരിശ്രമിക്കുന്നുണ്ടെന്നും എനിക്കറിയാം. എന്നാൽ, മുടങ്ങാതെ അതു കൊടുക്കുന്നില്ല. ബന്ധം നിലനില്ക്കുന്നില്ല. യുക്തിപൂർവം എറിയപ്പെട്ട നിങ്ങളുടെ സദുപദേശത്തിന്റെ ഒരു തുള്ളി ജനങ്ങളിൽ വീഴുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ കൃത്യമായി അതു നിർവഹിക്കപ്പെടാത്ത കാരണത്താൽ ആ തുള്ളി അവിടെത്തന്നെ വറ്റിപ്പോകുന്നു. തുടർച്ചയായി തുള്ളികൾ വീണുകൊണ്ടിരുന്നാൽ അവിടെ ഒരൊഴുക്ക് ഉണ്ടാകാൻ തുടങ്ങുന്നു. അതു വറ്റിപ്പോകുകയില്ല. ഏറ്റവും ഉത്തമമായ തെളിവുകളോടുകൂടി സംവാദം നടത്തുക എന്ന അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ ദുർല്ലഭമായിട്ടേ അവസരം ലഭിക്കുകയുള്ളു. അതുകൊണ്ട് വിശുദ്ധഖുർആന്റെ ഈ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിലേക്ക് ക്ഷണിക്കുക. യുക്തിയോടുകൂടി ക്ഷണിക്കുക. നിരന്തരം ക്ഷണിക്കുക. സ്ഥിരചിത്തതയോടെ ക്ഷണിക്കുക. ദേഷ്യപ്പെടാതെ സ്ഥിരചിത്തതയോടെ ക്ഷണിച്ചുകൊണ്ടേയിരിക്കുക. മറ്റുള്ളവരുടെ വികാരങ്ങളെ പരിഗണിക്കുക. എപ്പോഴും വിശുദ്ധഖുർആനിൽനിന്നും ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളിൽനിന്നും തെളിവുകളെടുക്കുക. ഓരോരുത്തരുടെയും അറിവും ബുദ്ധിയും പദവിയുമനുസരിച്ച് അവരോടു സംസാരിക്കുക. അല്ലാഹുവിന്റെ പേരിൽ സദുദ്ദേശ്യത്തോടെ നിങ്ങൾ സംസാരിക്കുമ്പോൾ, മുന്നിൽ ഇരിക്കുന്നവരുടെ വികാരങ്ങളും മറ്റൊന്നായിമാറും. സദുദ്ദേശ്യത്തോടെ അല്ലാഹുവിന്റെ പേരിൽ പറയപ്പെടുന്ന കാര്യം സ്വാധീനമുണ്ടാക്കും. ഒരു വിഷമത്തോടെ, വേദനയോടെ സംസാരിക്കുമ്പോൾ അതു സ്വാധീനം ചെലുത്തും. എല്ലാ പ്രവാചകന്മാരും ഈ നിയമമനുസരിച്ചാണ് അവരുടെ സന്ദേശം എത്തിച്ചുകൊണ്ടിരുന്നത്. ഓരോരുത്തരും തങ്ങളുടെ ജനതയോടു പറഞ്ഞതും ഇതു തന്നെ. 'ഞാൻ നിങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. സൽക്കാര്യങ്ങളിലേക്ക് ക്ഷണിക്കുന്നു. ഇതിന് ഒരു പ്രതിഫലവും നിങ്ങളോടു ചോദിക്കുന്നില്ല.' ഇതാണ് വിശുദ്ധഖുർആനിൽനിന്ന് നമുക്കു മനസ്സിലാകുന്നത്. അത്യധ്വാനത്തോടും ധൈര്യത്തോടും, എല്ലാ കഴിവുകളോടും കൂടി അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ട് ഈ പ്രവൃത്തി ചെയ്താൽ അല്ലാഹു സൽപ്രകൃതിക്കാരെ നിങ്ങളോടൊപ്പം ചേർത്തുകൊണ്ടേയിരിക്കുമെന്ന് ഈ ആയത്തിന്റെ അവസാനം അല്ലാഹു പറയുന്നു. ഇൻശാഅല്ലാഹ്. കാരണം സന്മാർഗത്തിന്റെ വഴി സ്വീകരിക്കേണ്ടവരാരാണെന്നും വെള്ളം വീണാൽ വലിച്ചെടുക്കാത്ത ഭൂമി ഏതാണെന്നും ഒരു സ്വാധീനവും ഉണ്ടാകാത്ത ദുഷ്പ്രകൃതിക്കാരാരാണെന്നും ഇക്കാലത്തെ മുല്ലമാരെപ്പോലെ, അറിവുണ്ടായിട്ടും പിടിവാശിയിൽ നില്ക്കുന്നവരാരാണെന്നും അവനറിയാം. എന്നാൽ, നിങ്ങളുടെ പ്രവൃത്തി ന്യായപൂർത്തി വരുത്തുകയും പൂർണ്ണമായും ശക്തി ചെലുത്തുകയും എന്നിട്ട് എല്ലാ കാര്യങ്ങളും അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്യുക എന്നതാണ്. യുക്തിയോടും ബുദ്ധിയോടും കൂടി ദഅ്വത്തെ ഇലല്ലാഹ് ചെയ്തുകൊണ്ടേയിരിക്കുക. അല്ലാഹു വിവിധ സ്ഥലങ്ങളിൽ പറഞ്ഞ ആ എല്ലാ നിബന്ധനകളോടും കൂടി, ദഅ്വത്തെ ഇലല്ലാഹ് ചെയ്തുകൊണ്ടിരിക്കുക. അതിനെക്കുറിച്ച് ഞാൻ ഹ്രസ്വമായി പറഞ്ഞിട്ടുള്ളതാണ്. അപ്പോഴാണ്, '*ഇന്നനീ മിനൽ മുസ്ലിമീൻ*' എന്ന് നിങ്ങൾക്കു പറയാൻ കഴിയുക. അതായത് ഞാൻ തികഞ്ഞ അനുസരണശാലികളിൽപ്പെട്ടവനാണെന്ന്. ഇല്ലെങ്കിൽ ഈ അനുസരണശാലിയാണെന്ന വാദം എങ്ങനെ ശരിയാകാനാണ്? ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുന്നുവെന്ന വാദം എങ്ങനെ ശരിയാകാനാണ്? എന്തായാലും ഇതിനുവേണ്ടി നിങ്ങൾ നിങ്ങളെ സന്നദ്ധരാക്കുക. സംഭവിച്ചതു സംഭവിച്ചു. കഴിഞ്ഞതു കഴിഞ്ഞു. എന്നാൽ, വരും കാലത്തേക്കുവേണ്ടി നമുക്ക് പുതിയ പ്രതിജ്ഞ ചെയ്യേണ്ടിവരും. ഞാൻ പറഞ്ഞതുപോലെ, തത്ത്വജ്ഞാനവും ബുദ്ധിപരവുമായ കാര്യങ്ങൾ പഠിക്കുന്നതിനും വിശുദ്ധ ഖുർആൻ പഠിക്കുന്നതിനും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പഠിക്കുന്നതിനും വേണ്ടി - അത് ഖുർആനിന്റേയും ഹദീസുകളുടേയും വിശദീകരണമാണ് - ശ്രദ്ധിക്കേണ്ടതായി വരും. ഇതു സംബന്ധമായി ഞാൻ വിശദീകരിച്ച് ഖുത്ബ നല്കിയിട്ടുള്ളതാണ്.

ഈ വചനത്തിന് വിശദീകരണം നല്കിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ഉപദേശിക്കേണ്ടവരെ നല്ല ഭാഷയിൽ ഉപദേശിക്കുക. ഒരേയൊരുകാര്യം ഒരു രീതിയിലൂടെ പറയുമ്പോൾ ഒരാളെ ശത്രുവാക്കിയേക്കാം, മറ്റൊരു രീതിയിൽ പറയുമ്പോൾ സുഹൃത്തുമാക്കിയേക്കാം. അതുകൊണ്ട് '*ജാദിൽഹും ബില്ലത്തി ഹിയ അഹ്സൻ*' അനുസരിച്ച് നിങ്ങൾ നിങ്ങളുടെ പ്രവൃത്തികൾ ചെയ്യുക. ഈ രീതിയിലുള്ള സംസാരത്തിന് അല്ലാഹു ഹിക്മത്ത് അഥവാ തത്ത്വജ്ഞാനം എന്നു പേരുവെച്ചിരിക്കുന്നു. അവൻ പറയുന്നു. *യുഅ്തൽ ഹിക്മത്ത മൻയ്യശാഅ്.*"

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഈ തത്ത്വജ്ഞാനം നാമെല്ലാവരും സ്വീകരിക്കേണ്ടതായി വരും. നമ്മുടെ സുഹൃദ്വലയം വിശാലമാക്കേണ്ടി വരും. അങ്ങനെ ഒരു പരിചയത്തിൽനിന്ന് മറ്റൊരു പരിചയം പുറപ്പെട്ടുകൊണ്ടേപ്പോകും. ജനങ്ങൾ നിങ്ങളെ സമാധാന പ്രേമികളും മൃദുസ്വഭാവക്കാരുമായി മനസ്സിലാക്കി പരിചയപ്പെടുന്നതാണ്. തീർച്ചയായും ഈ പരിചയം ശക്തമായ ബന്ധത്തിൽ ചെന്നെത്തുകയും ഫലം പ്രദാനം ചെയ്യുന്നതാണെന്ന് സ്ഥാപിതമാകുകയും ചെയ്യുന്നതാണ്. എന്നാൽ, ഒരു കാര്യം ഓർമിക്കുക. തത്ത്വജ്ഞാനവും

ഭീരുത്വവും തമ്മിൽ വ്യത്യാസമുണ്ട്. ദീനിന്റെ അന്തസ്സ് നിലനിറുത്തിക്കൊണ്ടുവേണം ഹിക്മത്ത് കാണിക്കേണ്ടത്.

ഇതു സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: *ജാദിൽഹും ബില്ലത്തി ഹിയ അഹ്സൻ* എന്ന വചനത്തിന്റെ ഉദ്ദേശ്യം മൃദുസമീപനം സ്വീകരിച്ച് സത്യവിരുദ്ധമായ കാര്യത്തെ സത്യപ്പെടുത്തുക എന്നതല്ല. (അതായത് ഹിക്മത്തിന്റെ ഉദ്ദേശ്യം ഭീരുത്വം കാണിക്കുക എന്നതല്ല. ജനങ്ങളെ അടുപ്പിച്ചുകൊണ്ടുവരുന്നതിനായി നമ്മുടെ അധ്യാപനത്തിന് വിരുദ്ധമായ കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് 'ഹാ, ഹാ' എന്നു പറയലല്ല. ഈസാ (അ) അല്ലാഹുവിന്റെ പുത്രനാണെന്നു ആരെങ്കിലും പറഞ്ഞാൽ, അയാളെ പിന്നീട് അടുപ്പിക്കാം എന്നു കരുതി മൗനം പാലിക്കാൻ പാടില്ല. അപ്പോൾ ശിർക്കിന് കൂട്ടുനില്ക്കുന്നവരായിത്തീരും. അവർക്കു മറുപടി പറയാൻ ഒരുപാട് വഴികളുണ്ട്.)

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഓർമിക്കുക, കഠിനമായി പെരുമാറുകയും കോപാകുലനാകുകയും ചെയ്യുന്ന വ്യക്തിയുടെ നാവിൽ നിന്ന് തത്ത്വജ്ഞാനപരമായ കാര്യങ്ങൾ ഒരിക്കലും പുറപ്പെടുകയില്ല. കോപാകുലനായിക്കൊണ്ട് നിയന്ത്രണം വിട്ട് എതിരാളിയോട് പെരുമാറുന്നവന്റെ ഹൃദയം തത്ത്വജ്ഞാനപരമായ കാര്യങ്ങളിൽനിന്ന് പിന്തള്ളപ്പെടുന്നതാണ്. ദുഷ്ടമനസ്സും കടിഞ്ഞാണില്ലാത്ത ചുണ്ടും സ്വാദിഷ്ഠ അരുവിയിൽനിന്ന് പിന്തള്ളപ്പെടുന്നതാണ്. (ഇങ്ങനെ സംസാരിക്കുന്നവരുടെ വായിൽനിന്ന് നല്ലകാര്യങ്ങൾ പുറത്തുവരികയില്ല.) കോപവും തത്ത്വവും ഒരിടത്ത് സമ്മേളിക്കുകയില്ല. കോപത്തിന്നടിപ്പെട്ടവന്റെ ബുദ്ധി തടിച്ചതും ചിന്ത മന്ദവുമായിരിക്കും. അവനൊരു രംഗത്തും വിജയം നല്കപ്പെടുകയില്ല. കോപം അർദ്ധഭ്രാന്താണ്. ഇത് കൂടുതൽ ജ്വലിക്കുമ്പോൾ മുഴുഭ്രാന്തായിത്തീരാനിടയുണ്ട്.

ഹസ്റത്ത് അലി (റ) ഒരിക്കൽ പറയുകയുണ്ടായി. മനസ്സുകൾക്ക് കുറെ ആഗ്രഹങ്ങളും ചായ്വുകളുമുണ്ട്. അക്കാരണത്താൽ അതു ചിലപ്പോൾ കാര്യങ്ങൾ കേൾക്കാൻ തയ്യാറാകും. മറ്റു ചിലപ്പോൾ തയ്യാറാകുകയില്ല. അതുകൊണ്ട് ജനഹൃദയങ്ങളിൽ ഈ ചായ്വുകളനുസരിച്ച് പ്രവേശിക്കുക. അതു കേൾക്കാൻ തയ്യാറാകുന്ന അവസരത്തിൽ നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ പറയുക. കാരണം, ഏതെങ്കിലുമൊരു കാര്യത്തിനുവേണ്ടി നിർബന്ധിച്ചാൽ അത് അന്ധമായിത്തീരുമെന്നതാണ് മനസ്സിന്റെ അവസ്ഥ. അതായത് പറയുന്ന കാര്യങ്ങൾ സ്വീകരിക്കാതെ നിഷേധിക്കും. അതുകൊണ്ട് സ്വീകരിക്കാൻ മനസ്സ് സന്നദ്ധമാകുന്ന ഘട്ടത്തിൽ സംസാരിക്കുക. ഇതാണ് ഹിക്മത്ത്. അതിനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം ബന്ധങ്ങൾ വർധിപ്പിക്കുക എന്നതാണ്. സ്ഥിരചിത്തതയുണ്ടാകണം. മുടങ്ങാതെ കാര്യങ്ങൾ നിർവഹിക്കണം. അപ്പോഴാണ് മനസ്സിലാകുന്നത് ഒരാളുടെ മാനസികാവസ്ഥ ഓരോ സമയത്തും എങ്ങനെയുള്ളതാണെന്ന്. എം.ടി.എ കാണുന്നതിനുവേണ്ടി അവരെ കൊണ്ടുവരിക. അവരെ വിവിധ പരിപാടികൾ കാണിക്കുക. ഏതെങ്കിലും സമയത്ത് സംപ്രേഷണം ചെയ്യുന്ന പരിപാടികൾ അവരിഷ്ടപ്പെടാനിടയുണ്ട്. ഇവിടെത്തെ ആളുകൾക്ക് നമ്മുടെ പരിപാടികളോട് താൽപര്യമില്ല എന്നതു ശരിയല്ല. എസ്കൻതോമിൽ പോയപ്പോൾ അവിടെ നമ്മുടെ ഡാക്ടർ മുസഫ്ഫർ സാഹിബിനെ കണ്ടു. അവിടെയുള്ള ഇംഗ്ലീഷ്കാർ എം.ടി.എ യെക്കുറിച്ച് അറിയുന്നവരാണെന്നും മുടങ്ങാതെ ഖുത്ബ കേൾക്കാറുണ്ടെന്നും അദ്ദേഹം എന്നോടു പറഞ്ഞു. രണ്ടാമത് റിക്കോർഡ് ഖുത്ബ സംപ്രേഷണം ചെയ്യുമ്പോൾ കുടുംബക്കാരോടൊത്ത് കാണുന്നു. ഭാര്യ ചോദിക്കുകയാണെങ്കിൽ ഫ്രൈഡെ സർമൻ കേൾക്കുകയാണെന്ന് പറയും. ക്രിസ്ത്യാനികളാണ്. പറയുന്ന കാര്യങ്ങളുടെ സ്വാധീനം അവരിലുണ്ടാകുന്നു. ചില ഖുത്ബകളുടെ വിഷയങ്ങൾ ഡോക്ടർ സാഹിബിനോട് അവർ പറയുകയുണ്ടായി. ഇതു ഇക്കാലത്ത് ആവശ്യമാണെന്ന് അവർ പറഞ്ഞു. ഖുത്ബകൾ വരുന്നത് ജമാഅത്തിനു മാത്രമല്ല, ലോകത്തിനു തന്നെ അത് ഫലപ്രദമായി തീരുന്നു അല്ലാഹു തആല കൂടുതലായി അവരുടെ നെഞ്ചകം തുറക്കുമാറാകട്ടെ. അവർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാനും തൗഫീഖ് നൽകുമാറാകട്ടെ. എന്തായാലും എം.ടി.എയും ഇക്കാലത്ത് തബ്ലീഗിനുള്ള വലിയൊരു മാർഗ്ഗമാണ്. ഇന്നേക്ക് 18, 19 വർഷം മുമ്പേ നിങ്ങളുടെ കൈയ്യിൽ ഈ സംവിധാനമുണ്ടായിരുന്നില്ല. ഇതു നിങ്ങൾക്കു മനസ്സിലാകുന്നത് അടുത്ത ബന്ധം ഉണ്ടാകുമ്പോഴാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: സംസാരിക്കുമ്പോൾ ചിന്തിച്ചുകൊണ്ട് പ്രയോജനപ്രദമായ കാര്യം സംസാരിക്കുക. ഒരുപാട് സംവാദം നടത്തുന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. രസകരമായ ചെറിയൊരു ഫലിതം ഏതെങ്കിലും നേരത്ത് തൊടുത്തുവിട്ടാൽ അത് നേരേ ചെവിക്കുള്ളിലേക്ക് തുളച്ചുകയറുന്നതാണ്. പിന്നീടെപ്പോഴെങ്കിലും സന്ദർഭംകിട്ടിയാൽ വീണ്ടും അത് പ്രയോഗിക്കാവുന്നതാണ്. (ആ ക്രിസ്ത്യാനി ഡോക്ടർസാഹിബുമായി സംസാരിച്ച വിഷയം കൊടുക്കൽ വാങ്ങലിനെക്കുറിച്ചായിരുന്നു. ആ ഖുത്ബ അദ്ദേഹത്തിൽ വളരെ സ്വാധീനമുണ്ടാക്കിയിരുന്നു. ഇക്കാലത്ത് ഇത് വളരെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.) ചുരുക്കത്തിൽ പതുക്കെ പതുക്കെ സത്യസന്ദേശം എത്തിച്ചുകൊണ്ടിരിക്കുക. ക്ഷീണിക്കാൻ പാടില്ല. കാരണം ഇന്ന് അല്ലാഹുവിനോട് സ്നേഹം പുലർത്തുന്നതും അവനോട് ബന്ധം വയ്ക്കുന്നതും ജനങ്ങൾ ഭ്രാന്തായിട്ടാണ് മനസ്സിലാക്കുന്നത്. സ്വഹാബത്ത് ഇക്കാലത്തുണ്ടായിരുന്നെങ്കിൽ ജനങ്ങൾ അവരെ ഭ്രാന്തൻമാരെന്ന് വിളിക്കുമായിരുന്നു. കാഫിറെന്ന് വിളിക്കുമായിരുന്നു. രാപ്പകൽ വ്യർത്ഥ

മായി സംസാരിക്കുകയും പലതരത്തിലുള്ള അശ്രദ്ധ യിൽ കിടക്കുകയും ഭൗതികമായ ചിന്തയും കാരണ ത്താൽ ഹൃദയം കടുത്തുപോകുന്നു. പറയുന്നകാര്യ ത്തിന്റെ ഫലം താമസിച്ചാണ് ഉണ്ടാകുന്നത്. ഹസ്റ ത്ത് മസീഹ് മൗഊദ് (അ) ഉദാഹരണം വിവരിച്ചുകൊ ണ്ട് പറയുന്നു: ഒരാൾ, അലിഗഡ് നിവാസിയാണെന്നു തോന്നുന്നു. തഹസീൽദാർ ആയിരുന്നു. (തഹസീൽ ദാർ ആരാണെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാ വുന്നതാണ്.) ഞാനയാളെ കുറച്ച് ഉപദേശിച്ചു. അയാൾ എന്നെ പരിഹസിക്കാൻ തുടങ്ങി. നിന്നെ വിടുകയില്ലെന്ന് ഞാനും മനസ്സിൽ പറഞ്ഞു. സംസാ രിച്ച് സംസാരിച്ച് എന്നെ പരിഹസിച്ചുകൊണ്ടിരുന്ന യാൾ അവസാനം വാവിട്ടുകരയാൻ തുടങ്ങി. ചിലസ മയത്ത് ഭാഗ്യശാലിയായ മനുഷ്യർ, കഠിനഹൃദയരാ ണെന്ന് തോന്നിപോകാറുണ്ട്. ഓർമ്മിക്കുക ഓരോ നിഷേധത്തിനും ഒരു താക്കോലുണ്ട്. സംസാരത്തി നും ഒരു താക്കോലുണ്ട്. അത് ഉചിതമായ നിലയിലു ള്ള സംസാരരീതിയാണ്. ദുആയെക്കുറിച്ച് ഞാനി പ്പോൾ പറഞ്ഞു. അത് ചിലപ്പോൾ ചലർക്ക് പ്രയോജ നപ്രദമാണ്. (ഞാനെടുത്ത ഈ ഉദ്ധരണിയിൽ ആദ്യം ദുആയെക്കുറിച്ചായിരിക്കാം ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇവിടെ പറ ഞ്ഞിട്ടുള്ളത്.) അപ്രകാരം തന്നെ ഓരോ കാര്യവും പ്രത്യേകരീതിയിൽ അവത രിപ്പിക്കുമ്പോൾ അത് പ്രത്യേക വ്യക്തിയ്ക്ക് ഫലപ്ര ദമായിത്തീരാം. എല്ലാവരോടും ഒരേരീതിയിൽ സംസാരിക്കുന്നത് ശരിയല്ല. ആരെങ്കിലും ദോഷം പറഞ്ഞാൽ സംസാരിക്കുന്നയാൾ അത് ദോഷമായി എടുത്ത് പിന്മാറാൻ പാടില്ല. അത് തുടർന്നുകൊണ്ടേ പോകണം. ക്ഷീണിക്കാൻ പാടില്ല. സമ്പന്നന്മാരുടെ സ്വഭാവം വളരെ ബലഹീനമാണ്. അവർ ദുൻയാവിൽ നിന്ന് അശ്രദ്ധരാകാറുമുണ്ട്. ഒരുപാട് കാര്യങ്ങൾ കേൾക്കാനും അവന് താൽപര്യമുണ്ടാകുകയില്ല. അവരെ ഏതെങ്കിലും അവസരത്തിൽ ഏതെങ്കിലും രീതിയിൽ അങ്ങേയറ്റം മാർദ്ദവത്തോടെ ഉപദേശി ക്കേണ്ടതാണ്.

വീണ്ടും അവിടന്ന് പറ ഞ്ഞു: "ലോകത്ത് മൂന്നുതരത്തിലുള്ള ആളുകളുണ്ട്. പൊതു ജനങ്ങൾ, മധ്യനിലക്കാർ, സമ്പന്നർ. പൊതുജനങ്ങൾ പൊതു വെ ചിന്താശക്തി കുറഞ്ഞവരായിരിക്കും. ബുദ്ധി കുറഞ്ഞവരായിരിക്കും. പൊതുവായ കാര്യങ്ങൾ മാത്രമെ അവർക്കറിയുകയുള്ളു. അതുകൊണ്ട് അവർക്ക് മനസ്സിലാക്കികൊടുക്കുക എന്നത് പ്രയാസ മായിരിക്കും. (തികച്ചും നിരക്ഷരരായവർക്ക് കാര്യം മനസ്സിലാക്കികൊടുക്കുക ദുഷ്കരമായിരിക്കും. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്തര ക്കാരെ നിങ്ങൾക്കുകി ട്ടുകയില്ല. ഞങ്ങളുടെ നാട്ടിൽ അത്തരക്കാരുണ്ട്.) സമ്പന്നൻമാർക്ക് മനസ്സി ലാക്കികൊടുക്കാൻ പ്രയാസമാണ്. കാരണം അവർ മൃദുല സ്വഭാവക്കാരാണ്. പെട്ടെന്ന് പരിഭ്രമിക്കുന്നു. ഇവരുടെ അഹങ്കാരവും പൊങ്ങച്ചവും നേരായ മാർഗ്ഗത്തിൽ തടസ്സമായിത്തീരുന്നു. അതുകൊണ്ട് അവരുമായി സംസാരിക്കുന്നവർ അവരുടെ രീതിയനുസരിച്ച് സംസാരിക്കേണ്ടതാണ്. അതായത് ഹ്രസ്വവും എന്നാൽ ആശയം പൂർണ്ണമായും ഉൾക്കൊള്ളുന്നതുമായ പ്രസംഗം ചെയ്യേണ്ടതാണ്. പൊതുജനങ്ങളെ തബ്ലീഗ് ചെയ്തുകൊണ്ടുള്ള പ്രസംഗം വളരെ വ്യക്തവും സാധാരണ മനസ്സിലാ ക്കാൻ പറ്റുന്നതുമായിരിക്കണം. മധ്യമനിലക്കാരെ തബ്ലീഗ് ചെയ്താൽ അവർ കാര്യം മനസ്സിലാക്കും. അവരുടെ സ്വഭാവത്തിൽ സമ്പന്നൻമാരുടെ സ്വഭാവ ത്തിൽ കാണുന്ന അഹങ്കാരമോ പൊങ്ങച്ചമോ ഉണ്ടാകുകയില്ല. അതുകൊണ്ട് അവർക്കുമനസ്സിലാ ക്കി കൊടുക്കുന്നത് പ്രയാസമുള്ള കാര്യമല്ല."

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ) ഹസ്റത്ത് ഖാസിമുഹമ്മദ് അബ്ദുല്ലാ സാഹിബിനെ ലണ്ടനിലേക്കയച്ചപ്പോൾ ഈ നിയമമനുസരിച്ച് ഇങ്ങനെയും ഉപദേശിച്ചു. ഗ്രാമവാസികൾ സത്യ ത്തെ ദൃഢമായി സ്വീകരിക്കാറുണ്ട്. ലണ്ടനിൽ നിന്ന് അകന്ന് ഏതെങ്കിലും ചെറിയ ഗ്രാമത്തിൽ പോയി താമസിക്കുക. അതായത് അവിടെ കുറച്ചുസമയം ചെലവഴിക്കുക. ദുആചെയ്യുക. അല്ലാഹുവിലേക്ക് ക്ഷണിക്കുക. എന്നിട്ട് നോക്കുക അല്ലാഹുവിലേക്കു ള്ള ക്ഷണം എത്രമാത്രം സ്വീകാര്യമായി തീരുന്നു വെന്ന്. അതിനോടൊപ്പം ഇക്കൂട്ടർ എതിർക്കുമെന്നും പറഞ്ഞു. പക്ഷെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യും. അതുകൊണ്ട് എതിർപ്പുണ്ടാകുമ്പോൾ പരിഭ്രമിച്ചു പോകരുത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: എത്രമാത്രം ശക്തമായി അസത്യം സത്യത്തിനെതി രെ പോരാടുന്നുവോ അത്രമാത്രം സത്യത്തിന്റെ ശക്തിയ്ക്കും കഴിവിനും മൂർച്ച കൂടുന്നു. (അതായത് കളവ് സത്യത്തെ എത്രമാത്രം എതിർക്കുന്നുവോ അത്രമാത്രം സത്യത്തിന് ശക്തി ലഭിക്കുന്നു.) കൃഷി ക്കാരിലും ഇക്കാര്യം വളരെ പ്രസിദ്ധമാണ്. ചൂടുകൂ ടുന്നതനുസരിച്ച് മഴ അധികം ലഭിക്കുന്നു. ഇത് പ്രകൃ തിപരമായ കാഴ്ചയാണ്. സത്യത്തിന് എത്രമാത്രം ശക്തമായ എതിർപ്പുണ്ടാകുന്നുവോ അത്രമാത്രം അത് തിളങ്ങുകയും സൗന്ദര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. നാം സ്വയം പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണി ത്. നമ്മെ സംബന്ധിച്ച് എവിടെയെല്ലാം ഒച്ചയും ബഹളവും ഉണ്ടായിട്ടുണ്ടോ അവിടെയെല്ലാം ജമാഅ ത്തുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കേട്ട് എവിടെയാണ് പ്രതികരണമില്ലാത്തത് അവിടെ കൂടുതൽ അഭിവൃ ദ്ധി ഉണ്ടാകുകയില്ല."

പുറത്തുപോയി തബ്ലീഗ് ചെയ്യാൻ കഴിയുന്ന വർ പുറത്തുപോകുക. ദുആചെയ്തുകൊണ്ട് ഇവിടെ ത്തെ ചെറിയ സ്ഥലങ്ങളുമായുള്ള ബന്ധം വർധിപ്പി ക്കുക. ചെറിയ സ്ഥലങ്ങളിൽ പൊതുവെ ലാളിത്യം അധികമാണ്. നിങ്ങളിങ്ങനെ ചെയ്താൽ ഇൻശാഅ ല്ലാഹ് വെളിയിൽ നിന്ന് നമ്മുടെ സന്ദേശം വലിയ പട്ടണങ്ങളിലെത്തിതുടങ്ങുന്നതാണ്. തദ്ദേശവാസി കൾ തന്നെ ഇത് പരത്തുന്നതാണ്. ഞാൻ വിവിധ

രാഷ്ട്രങ്ങളിൽ ഇത് പൊതുവേ കണ്ടിട്ടുള്ളതാണ്. ആക്ടീവ് അഹ്മദികൾ ഉള്ള ചെറിയ സ്ഥലങ്ങളിൽ അവരുടെ ബന്ധം വലിയ സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. പ്രാദേശികതലത്തിൽ ഉന്നതരായ ആളുകളേയും സാധാരണക്കാരേയും മധ്യമനിലക്കാരേയുമൊക്കെ അവർ വിളിച്ചുകൊണ്ടുവരുന്നു.

എന്നാൽ നമ്മുടെ പരിശ്രമത്തിലും ബന്ധത്തിലും ദുആയിലും ഒരുപാട് കുറവുണ്ട്. ഇത് വർധിപ്പിക്കുന്നതിനോടൊപ്പം ദുആയിലും അധികമായി ശ്രദ്ധിക്കേണ്ടിവരും. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഉംഖാസി അബ്ദുല്ലാസാഹിബിനോട് ദുആയിൽ കൂടുതൽ ശക്തി ചെലുത്താൻ ഉപദേശിച്ചിരുന്നു. പരിശ്രമത്തെ മാത്രം ആശ്രയിച്ചിരിക്കരുത്. വിശുദ്ധ ഖുർആനും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളും ചിന്തിച്ച് പാരായണം ചെയ്യണമെന്നും അവിടന്ന് ഉപദേശിച്ചിരുന്നു. ഇതിൽ നിന്നും ഇൻശാഅല്ലാഹ് അറിവിലും വർധനവുണ്ടാകുന്നതാണ്. ഉയർന്ന ചിന്തയായിരിക്കണം ഉണ്ടായിരിക്കേണ്ടതെന്നും അവിടന്ന് പറഞ്ഞിരുന്നു. യൂറോപ്പിനെ ഫത്ഹാക്കണമെന്നുള്ള വിചാരം മനസ്സിലുണ്ടാകണം. ഇക്കൂട്ടർ വിശ്വസിക്കുകയില്ലെന്നുപറഞ്ഞ് ചിലയാളുകൾ ക്ഷീണിച്ചുപോകുന്നു. ഇവരിൽ നിന്നും സൽപ്രകൃതിക്കാരായവർ ഉണ്ടായിവരാം. ഉണ്ട്. ഇൻശാഅല്ലാഹ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഞാൻ വീണ്ടും പറയുന്നത് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞതുപോലെ ചിന്ത ഉയർന്നതായിരിക്കണമെന്നാണ്. ദൃഢചിത്തരായിക്കൊണ്ട് പ്രവർത്തിക്കുക. ഭൗതിക സമ്പാദനത്തിനുവേണ്ടി മാത്രം ശ്രദ്ധിക്കരുത്. അഹ്മദിയ്യത്തിന്റെ സന്ദേശം എന്നതിലേക്കും ശ്രദ്ധിക്കുക. അഹ്മദിയ്യത്തിന്റെ പേരിൽ നിങ്ങൾ അറിവ് സമ്പാദിക്കുമ്പോൾ അഹ്മദിയ്യത്തിനുവേണ്ടി സേവനം ചെയ്യുക എന്ന കടമയും നിറവേറ്റുക. സന്ദേശമെത്തിച്ചുകൊടുക്കുക. അല്ലാതെ ഇവിടെത്തെ അലങ്കാരങ്ങളിൽ മുങ്ങിപ്പോകരുത്. ഇപ്രകാരം അല്ലാഹുവിന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ട് പരിശ്രമത്തോടെ സന്ദേശം എത്തിച്ചാൽ അല്ലാഹു അതിൽ ബർക്കത്ത് ചൊരിയുന്നതാണ്. ഗൗരവത്തോടെ ഇക്കാര്യത്തിൽ പരിശ്രമിക്കാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു തആല അവനിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ പറഞ്ഞു. അതിനോടൊപ്പം അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ സൽക്കർമ്മങ്ങൾ ചെയ്യുന്നവരായിരിക്കണമെന്ന നിബന്ധനയുമുണ്ട്. സൽകർമ്മങ്ങൾ ചെയ്യുന്ന ദാഈ ഇലല്ലായാണ് അനുസരണശാലികളിൽ പെട്ടവൻ. അല്ലാതെ മറ്റുള്ളവരെ തബ്‌ലീഗ് ചെയ്യുകയും സ്വയം നമസ്കരിക്കാതിരിക്കുകയും ജനങ്ങളോടുള്ള കടമ നിറവേറ്റാതിരിക്കുകയും അടുത്ത ബന്ധുക്കളോടും സുഹൃത്തുക്കളോടും നല്ലരീതിയിൽ പെരുമാറാതിരിക്കുകയും ചെയ്യുന്നവനാകാൻ പാടില്ല. തബ്‌ലീഗ് ചെയ്യുന്നയാളുടെ കർമ്മങ്ങൾ ദീനീപരമായ അധ്യാപനങ്ങളോടു ചേർന്നുവരേണ്ടതാണ്. ഇവിടെത്തെയാളുകൾ ബുദ്ധിശാലികളാണ്. നിങ്ങളുടെ നിസ്സാരതെറ്റിനെപ്പോലും പൊക്കിപ്പിടിച്ച് നിങ്ങളോട് അതെടുത്തുപറയും. ഇതെല്ലായിടത്തുമുള്ളതാണ്. അതുകൊണ്ട് നിയമം പാലിക്കേണ്ടതും നമ്മുടെ കടമയാണ്. ഉന്നതമായ സ്വഭാവം കാഴ്ചവെക്കേണ്ടതും നമ്മുടെ കടമയാണ്. അതിനോടൊപ്പം ആരാധനാനുഷ്ഠാനങ്ങളുടെ ഉന്നതമായ നില സ്ഥാപിച്ചെടുക്കേണ്ടതും നമ്മുടെ കടമയാണ്. ഇതാണ് ഇസ്‌ലാമികാധ്യാപനം. ഇക്കാര്യത്തിൽ തബ്‌ലീഗ് ചെയ്യുക എന്നതാണ് അല്ലാഹുവിന്റെ കല്പന. എന്തൊന്ന് പറയുന്നുവോ അതിൽ നൂറുശതമാനവും നിങ്ങൾ പ്രവർത്തിക്കുന്നവരായിരിക്കണം. അപ്പോഴാണ് ബർക്കത്തുണ്ടാകുന്നത്. പറയുന്നതൊന്നും പ്രവർത്തിക്കുന്നത് വേറൊന്നുമാണെങ്കിൽ നിങ്ങളും പാപികളിൽ പെട്ടുപോകും. അല്ലാഹു പറയുന്നു:

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا لِمَ تَقُوۡلُوۡنَ مَا لَا تَفۡعَلُوۡنَ

كَبُرَ مَقۡتًا عِنۡدَ اللّٰهِ اَنۡ تَقُوۡلُوۡا مَا لَا تَفۡعَلُوۡنَ

(61:3,4)

"വിശ്വസിച്ചവരെ നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിനു നിങ്ങൾ പറയുന്നു? നിങ്ങൾ പ്രവർത്തിക്കാത്തതു നിങ്ങൾ പറയുന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെ ക്രോധകരമാകുന്നു." ദാഇ ഇലല്ലാ ആയിട്ടുള്ളവർ തങ്ങളുടെ പരിശു ദ്ധമായ മാതൃക നില നാട്ടേണ്ടതും വളരെ ആവശ്യമാണ്. ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്നവരാണെങ്കിലും അല്ലെങ്കിലും ഓരോരുത്തരും ഇത് ഓർമ്മവയ്ക്കേണ്ടതാണ്. കാരണം ജനങ്ങൾ ഇതു വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഒരഹ്മദിയുടെ തെറ്റായ പ്രവൃത്തി, തെറ്റായ ചെയ്തി അഹ്മദിയ്യത്തിനെ ദോഷമായി ബാധിക്കുന്നതാണ്. നല്ലനിലയിൽ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന ഒരഹ്മദിയുടെ പ്രവർത്തനത്തേയും മറ്റൊരഹ്മദിയുടെ തെറ്റായ പ്രവൃത്തി ദോഷമായി ബാധിക്കുന്നതാണ്. അതുകൊണ്ട് സ്വയം ചെയ്യുന്നില്ലെങ്കിൽതന്നെ, മറ്റു ദാഇ ഇലല്ലായുടെ പ്രവർത്തനത്തിന് സഹായമാകും വിധം പ്രവൃത്തി നല്ലതാക്കിത്തീർക്കേണ്ടതാണ്. 'നിങ്ങളെ ആദ്യം നന്നാക്കുക' എന്നുപറഞ്ഞ് നിങ്ങളുടെ നേരെ ഒരു വിരലും ഉയരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ അഹ്മദിയും തങ്ങളെ തിരുത്തി നന്നാക്കിത്തീർക്കുന്നതിലേക്ക് ശ്രദ്ധിക്കുക; ശ്രദ്ധിച്ചുകൊണ്ടിരിക്കുക.

നിങ്ങൾ നിങ്ങളെ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ പെട്ടവരാണെന്നു പറയണമെങ്കിൽ, നിങ്ങളെ പരിഷ്ക്കരിച്ചെടുക്കേണ്ടിവരും. ആരും തന്നെ ഇസ്‌ലാമിക സന്ദേശം എത്തിക്കുന്നതിന് തടസ്സമാകാൻ പാടില്ല.

ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്നതിന് സൽകർമ്മങ്ങൾ ചെയ്യേണ്ടതും വളരെ അനിവാര്യമാണ്. നിങ്ങളുടെ കർമ്മങ്ങൾ നല്ലതാകുമ്പോൾ അത് മറ്റുള്ളവരോട് പറയാനും നിങ്ങൾക്ക് അവകാശമുണ്ടായിരിക്കും. ഇല്ലെങ്കിൽ അല്ലാഹു പറയുന്നു.

നിങ്ങൾ ചെയ്യുന്നത് ഒന്നും പറയുന്നത് മറ്റൊന്നുമാണെങ്കിൽ, പ്രതിഫലം കിട്ടില്ലെന്നത് വേറെ കാര്യം നിങ്ങൾ പാപികളായിത്തീരുകയാണ് ചെയ്യുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: “ഇസ്‌ലാമിന്റെ സംരക്ഷണവും, സത്യതയും പ്രകടിപ്പിക്കുന്നതിന്, സത്യമുസ്‌ലിമായിക്കൊണ്ട് മാതൃക കാണിക്കുക എന്നതാണ് ഒന്നാമത്തെ വശം. രണ്ടാമത്തെ വശം ഇസ്‌ലാമിന്റെ സവിശേഷമായ ഗുണങ്ങളും നന്മകളും പരത്തുക എന്നതാണ്.

ഈ രണ്ടുകാര്യങ്ങൾ അവിടന്ന് വിവരിച്ചു. ഈ ഖുർആനിക കല്പനകളുടെ അടിസ്ഥാനത്തിലാണ് വിവരിച്ചത്. ഒന്നാമതായി നിങ്ങളുടെ മാതൃക നന്നാക്കുക. നിങ്ങളുടെ അവസ്ഥ ശരിയാക്കുക. നിങ്ങളുടെ കർമ്മങ്ങൾ ശുദ്ധമാക്കുക. അതിനുശേഷം അല്ലാഹുവിലേക്ക് ക്ഷണിക്കുക. തബ്‌ലീഗ് ചെയ്യുക. അല്ലാഹു അതിൽ ബർക്കത്തു നൽകും. ഇൻശാഅല്ലാഹ്. വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നബി (സ) തിരുമേനിയുടെ വഫാത്തിനു ശേഷം മദീനയുടെ അവസ്ഥ എന്തായിരുന്നു? ഓരോ അവസ്ഥയിലും മാറ്റമുണ്ട്. ഈ മാറ്റത്തെ മുന്നിൽ കാണുക. അവസാനസമയം എപ്പോഴും ഓർമ്മിക്കുക. വരും തലമുറ നിങ്ങളുടെ മുഖം നോക്കുന്നതാണ്. ഈ മാതൃകയായിരിക്കും അവർ കാണുന്നത്. പൂർണ്ണമായ നിലയിൽ ഈ അധ്യാപനങ്ങളിലേക്ക് നിങ്ങൾ ഇറങ്ങിചെല്ലുന്നില്ലെങ്കിൽ അതിന്റെ അർത്ഥം വരും തലമുറയെ നശിപ്പിക്കുക എന്നതാണ്. ദഅ്‌വത്തെ ഇലല്ലാഹ് നമ്മുടെ പ്രവൃത്തിയാണ്. നമ്മുടെ മാതൃക നല്ലതല്ലെങ്കിൽ നമ്മുടെ തലമുറയേയും നാം നശിപ്പിക്കുന്നവരായിത്തീരും. കാരണം നിങ്ങളുടെ മാതൃകയാണല്ലോ അവർകണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ പ്രകൃതിയിൽ അനുകരണമുണ്ട്. അവൻ മാതൃകയിൽ നിന്ന് പെട്ടെന്നാണ് പാഠം പഠിക്കുന്നത്. ഒരു മദ്യപൻ മദ്യപിക്കരുതെന്നുപറഞ്ഞാൽ വ്യഭിചാരി വ്യഭിചരിക്കരുതെന്ന് പറഞ്ഞാൽ, മോഷ്ടാവ് മോഷ്ടിക്കരുതെന്ന് പറഞ്ഞാൽ ആ ഉപദേശം കൊണ്ട് മറ്റുള്ളവർക്ക് എന്തുഫലമുണ്ടാകാനാണ്? അവരുടെ ഉപദേശത്തിൽ നിന്ന് മറ്റുള്ളവർക്ക് എന്തു ഫലമെടുക്കാനാണ്? എന്നല്ല, വലിയ ദുഷ്ടനാണ്. സ്വയം ചെയ്യുന്നു, മറ്റുള്ളവരെ അതിൽ നിന്ന് തടയുന്നുവെന്ന് ജനങ്ങൾ പറയും. ഒരു തിന്മയിലകപ്പെട്ട് അതിനെക്കുറിച്ച് ധർമ്മോപദേശം നൽകുന്നവർ മറ്റുള്ളവരെ വഴികേടിലാക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരെ ഉപദേശിക്കുന്നവരും സ്വയം പ്രവർത്തിക്കാതിരിക്കുന്നവരും വിശ്വാസ വഞ്ചകരാണ്. അവർ തങ്ങളുടെ സംഭവങ്ങൾ വിട്ടുകളയുന്നു. അത്തരം ഉപദേശികളെ കൊണ്ട് ലോകത്തിന് വൻ നഷ്ടമാണുണ്ടാകുന്നത്.

നമ്മൾ ദഅ്‌വത്തെ ഇലല്ലായിലേക്ക് ശ്രദ്ധിക്കുന്നവരാകാനും സൽകർമ്മങ്ങളനുഷ്ഠിക്കുന്നവരാകാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അപ്പോൾ മാത്രമേ ഹസ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ച് അഹ്‌മദിയ്യത്തിൽ അംഗങ്ങളായ കാരണത്താൽ അല്ലാഹു നൽകിയ പാരിതോഷികത്തിന് നാം നന്ദി പ്രകാശിപ്പിക്കുന്നവരാണെന്നും, നന്ദിയുള്ള ദാസന്മാരാണെന്നും, നന്ദിയുള്ളവരാകാൻ പരിശ്രമിക്കുന്നവരാണെന്നും നമുക്ക് പറയാൻ പറ്റുകയുള്ളു. ഈ നന്ദി നിലനിൽക്കുമ്പോഴാണ് നമ്മൾ അല്ലാഹുവിന്റെ പരിപൂർണ്ണ അനുസരണശാലികളോടൊപ്പം നടക്കാൻ തുടങ്ങുന്നത്. അപ്പോഴാണ് നാം അല്ലാഹുവിന്റെ പരിപൂർണ്ണ അനുസരണശാലികളിൽ ഉൾപ്പെടുന്നത്.

കഴിഞ്ഞുപോയ വീഴ്ചകൾക്ക് അല്ലാഹുവിനോട് മാപ്പു ചോദിക്കുക. പൊറുക്കലിനെ തേടുക. ഇനി ഒരു ആവേശത്തോടും ഉത്സാഹത്തോടും കൂടി അഹ്‌മദിയ്യത്തിന്റെ സന്ദേശം ലോകത്തു പരത്താൻ മുന്നോട്ടു കുതിക്കുക. സ്കോട്ട്ലാന്റിലെ ഒരുപാട് സ്ഥലങ്ങളിൽ അഹ്‌മദിയ്യത്തിന്റെ സന്ദേശം എത്തിയിട്ടില്ല. ആർക്കും അഹ്‌മദിയ്യത്തിനെ കുറിച്ച് അറിയുകയുമില്ല. ഒരുപാട് പരിശ്രമം ആവശ്യമുണ്ട്. ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. എങ്കിൽ മാത്രമേ ലോകത്തെ മുഴുവൻ നബി (സ) തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരുമെന്ന നമ്മുടെ വാദം സത്യമായി പുലരുകയുള്ളു. അതിനായിട്ടാണ് നാം ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ബയ്അത്ത് ചെയ്തിട്ടുള്ളത്. അല്ലാഹു നമുക്കതിന് തൗഫീഖ് നൽകുമാറാകട്ടെ. ഇതെല്ലാം കരസ്ഥമാക്കുന്നതിന് ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് നൽകിയിട്ടുള്ള കുറിപ്പടി ഇതാണ്.

അവിടന്ന് പറയുന്നു: “നമ്മൾ വിജയിക്കുന്നതിനുള്ള ആയുധങ്ങൾ ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മഹത്വത്തെ മുന്നിൽ കാണൽ, അഞ്ചുനേര നമസ്കാരം നിർവഹിക്കൽ എന്നിവയാണ്. നമസ്കാരം ദുആ സ്വീകാര്യതയുടെ താക്കോലാണ്. നമസ്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അശ്രദ്ധ കാണിക്കരുത്. ഓരോ ദോഷങ്ങളിൽ നിന്നും-അത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റലാവട്ടെ സമസൃഷ്ടികളോടുള്ള കടമ നിറവേറ്റലാവട്ടെ-രക്ഷപ്പെടുക.” അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 8- 10- 2004 at**
**Baithur-rahman, Glasgo**
**Scotland.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**